നം.വി.ആർ.36763/12/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം തീയതി:27/05/2013

# സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം - വിദ്യാരംഗം കലാസാഹിത്യവേദി - 2013 - 14 രൂപവൽക്കരണം - സംബന്ധിച്ച്.

സൂചന:- വിദ്യാരംഗം കലാസാഹിത്യവേദി മാനുവൽ.

2013-14 അധ്യയനവർഷം സംസ്ഥാനത്തെ എൽ.പി.സ്കൂളുകൾ ഉൾപ്പെടെയുള്ള എല്ലാ സർക്കാർ / എയ്ഡഡ് / അംഗീകൃത സ്കൂളുകളിലും വിദ്യാരംഗം കലാസാഹിത്യവേദിയുടെ യൂണിറ്റുകൾ രൂപവൽക്കരിക്കേണ്ടതും 2013 ജൂൺമാസംതന്നെ പ്രവർത്തനം തുടങ്ങേണ്ടതുമാണ്. സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും ഒരേ ദിവസംതന്നെ കലാസാഹിത്യവേദി യൂണിറ്റുകൾ രൂപവൽക്കരിക്കേണ്ടതാണ്. എല്ലാ പ്രഥമാധ്യാപകരും വിദ്യാഭ്യാസ ഓഫീസർമാരും ഇക്കാര്യത്തിൽ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. 2013 ജൂൺ 10 ന് എല്ലാ സ്കൂളുകളിലും കലാസാഹിത്യവേദി പ്രവർത്തകരും അധ്യാപകരും യോഗം ചേർന്ന് വിദ്യാലയതല നിർവാഹക സമിതിക്കു രൂപം കൊടുക്കേണ്ടതാണ്. ജൂൺ 17 നു തന്നെ ഉപജില്ലാവിദ്യാഭ്യാസ ഓഫീസർമാരുടെ നേതൃത്വത്തിൽ യോഗംകൂടി നിർവാഹക സമിതിയെ തിരഞ്ഞെടുക്കേണ്ടതാണ്. എല്ലാ വിദ്യാഭ്യാസ ജില്ലകളിലും ജൂൺ 24 ന് ജില്ലാവിദ്യാഭ്യാസ ഓഫീസറുടെ അധ്യക്ഷതയിൽ യോഗം ചേർന്ന് നിർവാഹകസമിതിയെ തിരഞ്ഞെടുക്കണം. ഇക്കാര്യത്തിൽ യാതൊരുവിധ ഉദാസീനതയും ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്നും ഉണ്ടാകുവാൻ പാടുള്ളതല്ല.

ഉപജില്ലാതലത്തിലും ജില്ലാതലത്തിലും നിർവാഹകസമിതി രൂപവൽക്കരിക്കുകയും കൺവീനർമാരെ തിരഞ്ഞെടുക്കുകയും ചെയ്തുകഴിഞ്ഞാൽ അംഗങ്ങളുടെ ലിസ്റ്റും ജില്ല / ഉപജില്ല കൺവീനർമാരുടെ പേരും മേൽവിലാസവും (പിൻകോഡ് സഹിതം) ഫോൺനമ്പറും 'എഡിറ്റർ, വിദ്യാരംഗം മാസിക, വിദ്യാഭ്യാസ ഡയറക്ടറേറ്റ്, ജഗതി, തിരുവനന്തപുരം - 14' എന്ന വിലാസത്തിൽ ജൂൺ 30 നു മുമ്പ് അയച്ചുതരേണ്ടതാണ്. കൺവീനർമാരെ തിരഞ്ഞെടുക്കുമ്പോൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ നാമനിർദ്ദേശംചെയ്യുന്ന പ്രവണത ഒഴിവാക്കണം.

വിദ്യാരംഗം മാസികയുടെ വരിസംഖ്യ തങ്ങളുടെ ജില്ലയിലെ എല്ലാ സ്കൂളുകളിൽ നിന്നും യഥാസമയം കുടിശ്ശിക ഉൾപ്പെടെ സമാഹരിച്ച് ജൂലൈ 10 നു മുമ്പ് ട്രഷറിയിൽ അടയ്ക്കുന്നതിനും ചെല്ലാൻരസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് എഡിറ്റർക്ക് അയച്ചുതരുന്നതിനും ഓരോ ജില്ല / ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. സ്കൂളുകൾ നേരിട്ട് ട്രഷറിയിൽ വരിസംഖ്യ അടച്ച് ചെലാൻ അയയ്ക്കുന്ന രീതി ഒഴിവാക്കണം. വിദ്യാരംഗം കലാസാഹിത്യവേദിയുടെ പ്രവർത്തനത്തിനാവശ്യമായ തുക രജിസ്ട്രേഷൻ ഫീസായി സ്വീകരിച്ച് ജൂലൈ 10നു മുമ്പ് ഡിമാന്റ് ഡ്രാഫ്റ്റായി എഡിറ്ററുടെ പേരിൽ അയച്ചുതരേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

പകർപ്പ്:-

എല്ലാ ജില്ല / ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർക്കും